"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇ-ഹെൽത്ത് പദ്ധതി നടത്തിപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1145/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:- 1) ഇ-ഹെൽത്ത് കേരളം പ്രോജക്ട് ഡയറക്ടറുടെ 27.03.2024 ലെ eHK/84/2021-OA നമ്പർ കത്ത്.

2) 06.06.2024 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം (ഖണ്ഡിക 4.11).

**ഉത്തരവ്**

ഇ-ഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം , ഇ-ഹെൽത്ത് പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം എന്നിവ സംസ്ഥാനത്തെ എല്ലാ പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കി വരുന്നെന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ഐ.റ്റി അടിസ്ഥാന സൗകര്യങ്ങൾ ടെക്നിക്കൽ സ്റ്റാഫ് സപ്പോർട്ട് എന്നിവ ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിനുള്ള ചെലവുകൾ തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതുണ്ടെന്നും ആയതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശ നൽകണമെന്നും ഇ-ഹെൽത്ത് പ്രോജക്ട് ഡയറക്ടർ സൂചന(1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 ലെ യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇ-ഹെൽത്ത് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമായ കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ പരിപാലന ചെലവ് , എ.എം.സി., പുതിയ ഉപകരണങ്ങൾ ആവശ്യമായി വന്നാൽ അവ വാങ്ങാനുള്ള ചെലവ് , ഇ-ഹെൽത്ത് കണക്ടിവിറ്റിയുടെ ആവർത്തന ചെലവ് എന്നിവ തദ്ദേശ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണെന്നും എന്നാൽ ആവർത്തന ചെലവ് വരുന്ന ടെക്നിക്കൽ സപ്പോർട്ടിനാവശ്യമുള്ള ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കാവുന്നതല്ല എന്നും കമ്മറ്റിയിൽ തീരുമാനിച്ചിരുന്നു.

ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന ചെലവുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, വികസന ഫണ്ട് ജനറൽ, റോഡിതര സംരക്ഷണ ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണെന്ന് ഉത്തരവാകുന്നു.

1. ഇ- ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ലഭ്യമായ കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി. യും പുതിയ ഉപകരണങ്ങൾ ആവശ്യമായി വന്നാൽ അവ വാങ്ങാനുമുള്ള ചെലവ്.
2. ഇ-ഹെൽത്ത് കണക്ടിവിറ്റി (പ്രൈമറി & സെക്കന്ററി) യുടെ ആവർത്തന ചെലവ്.
3. കമ്പ്യൂട്ടർ , അനുബന്ധ ഉപകരണങ്ങളുടെ സ്റ്റേഷനറിക്കുള്ള ചെലവ്.

എന്നാൽ ആവർത്തന ചെലവ് വരുന്ന ടെക്നിക്കൽ ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിനാവശ്യമുള്ള ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കാവുന്നതല്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ, ആരോഗ്യ വകുപ്പ്
പ്രോജക്ട് ഡയറക്ടർ, ഇ-ഹെൽത്ത് കേരള പ്രോജക്ട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.
തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്.
ആരോഗ്യ കുടുംബക്ഷേമ(എൻ) വകുപ്പ് (HFW-N2/55/2023 നമ്പർ ഫയൽ പ്രകാരം) .
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ